## പതിമൂന്നാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1934

04.10.2011 ൽ മറുപടിക്ക്

# ഐ.ടി. - ഫിനിഷിംഗ് സ്ക്കൂൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. എ.റ്റി. ജോർജ്ജ്:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br><br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത്ഐ.ടി. - ഫിനിഷിംഗ് സ്ക്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(സി) ഇത് നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം ഉണ്ടാകുമോ ;<br><br>(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ? | (എ), (ബി), (സി) & (ഡി)<br><br>ഐ.ടി വകുപ്പും ഐ.എച്ച്.ആർ.ഡി-യും ചേർന്ന് തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ഫിനിഷിംഗ് സ്ക്കൂൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരത്ത് ഒരു ഐ.സി.റ്റി അക്കാഡമി സ്ഥാപിക്കുവാൻ തീരുമാനമെടുത്തിരുന്നു. കേന്ദ്ര വിവരസാങ്കേതിക വകുപ്പ്, സംസ്ഥാന സർക്കാർ സമർപ്പിച്ച ഐ.സി.റ്റി. അക്കാഡമി സ്ഥാപിക്കുന്നതിനുള്ള 14 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 6 കോടി രൂപ കേന്ദ്രസർക്കാരും, 2.08 കോടി രൂപ കേരള സർക്കാരും 5.92 കോടി രൂപ ഐ.ടി. വ്യസായ രംഗത്തുള്ള സ്ഥാപനങ്ങളും കൂടി മുതൽ മുടക്കേണ്ടതാണ്. ഇതിനായി കേന്ദ്രസർക്കാർ ആദ്യ ഗഡുവായി 2.50 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് സ്വകാര്യ പങ്കാളിത്തം വേണമെന്ന് കേന്ദ്രവിവര സാങ്കേതിക വകുപ്പ് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പിന്നീട് ഇൻസ്റ്റിട്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് മുഖാന്തിരം ട്രാവൻകൂർ - കൊച്ചി ലിറ്ററി സയിന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തുവെങ്കിലും ഇതുവരെ തുടർ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. |

സെക്ഷൻ ആഫീസർ